## മഴ വരുമ്പോൾ

മാനത്തെത്തും മാരിക്കാറുകൾ
കാണാനെന്തൊരു രസമാണ്.
പീലി നിവർത്തി നർത്തനമാടും
മയിലിനുമുണ്ടേ ആനന്ദം
തുള്ളികൾ തുള്ളികളായിപ്പെയ്യും
മഴയത്തോടി നടക്കാനും
കാറ്റെൻ കൈകളിൽ ഊഞ്ഞാലാടും
ആലിപ്പഴ മണി കാണാനും
ആനന്ദത്തിൽ ആറാടാൻ
ഓടിപ്പോരുക സാമോദം
കൂട്ടരുമൊത്തു കളിച്ചീടാൻ
കുന്നിൻ മേലെ ആർത്തുരസിക്കാൻ
കുട്ടൻ നിന്നെ വിളിക്കുന്നു.

അഭിജിത്ത് കെ.എസ്

---

## ഒടുങ്ങട്ടെ ഈ പുക....

ലഹരി ഉപയോഗിക്കുന്നവരെ അതിൽ നിന്ന് പിന്തിരിപ്പിക്കുകയും പുതുതായി ലഹരി ഉപയോഗിക്കുന്നവർ ഉണ്ടാകുന്നത് തടയുകയും ചെയ്യേണ്ടത് നമ്മുടെ ഉത്തരവാദിത്വമാണ്. ലഹരി ഉപയഗിക്കുന്ന വരോട് നിഷേധാത്മക സമീപനം സ്വീകരിക്കുന്നതിനു പകരം അനുനയത്തിലൂടെ മാത്രമേ പിന്തിരിക്കാനാവൂ. അതോടൊപ്പം അവർക്ക് ലഹരി ലഭിക്കുന്ന വഴികൾ തന്ത്രപരമായി തടസ്സപ്പെടുത്തുകയും വേണം. രക്ഷിതാക്കൾ കുട്ടിയെക്കുറിച്ചറിഞ്ഞിരിക്കണം. ക്യാമ്പസിനെ ചുറ്റിപ്പറ്റിയുള്ള അപരിചിതരുമായി ഇടപഴകുന്നത് വിലക്കണം.പഠനം കഴിഞ്ഞ് കുട്ടികൾ വീട്ടിൽ നിന്ന് പുറത്തിറങ്ങുമ്പോൾ ലഹരി ഉപയോഗിക്കുന്ന വരുമായി

ബന്ധപ്പെടുന്നത് ശ്രദ്ധിക്കണം. അത്യാവശ്യങ്ങൾക്കല്ലാതെ കുട്ടിക്കൾക്ക് പണം നൽകുന്നത് ഒഴിവാക്കുകയും ചെയ്യണം.

ജിനു ബാബു

---

## മഴകൊതി

എരിപൊരികൊള്ളും വേനലാകുന്നു.
വന്നു നമുക്കായ് പെരുമഴയും
തുള്ളികളായിരമായി വരുന്നു
ഉള്ളുകുളിർക്കും ഇടവമഴ
കുട്ടികളാർത്തുചിരിക്കും മഴയിൽ
മേനിയിൽ തുള്ളികൾ കൊള്ളുമ്പോൾ
വെള്ളം പൊങ്ങി പുഴയും തോടും
വയലുമതെല്ലാം ഒന്നായി
കുട്ടികൾ ഞങ്ങൾ ആർത്തുവിളിച്ചു
പുഴയിൽ മുങ്ങാൻ കൊതിയായി.

അശ്വതി രാജു

---

## കടങ്കഥകൾ

1.ആനയ്ക്കും നിലയില്ല പാപ്പാനും നിലയില്ല അമ്പാടി കണ്ണൻ അരയോളം വെള്ളം?
- തവള
2.എന്നെ തൊട്ടുകൂട്ടും പക്ഷെ സദ്യക്കെടുക്കില്ല?
- കാൽക്കുലേറ്റർ
3.അമ്മയെ തൊട്ട മകൻ വെന്തു മരിച്ചു?
- തീപ്പെട്ടി
4.നാലുകാലുള്ള നങ്ങേലിപ്പെണ്ണിനെ കോലു നാരായണൻ കട്ടോണ്ടു പോയി?
- പാമ്പു തവളയെ പിടിയ്ക്കുന്നു.
5.ഓടും കുതിര, ചാടും കുതിര, വെള്ളം കണ്ടാൽ നിൽക്കും കുതിര?
- ചെരുപ്പ്
6.ആനയിലുണ്ട് ചേനയിലില്ല, ഇമയിലുണ്ട് ഇഷ്ടത്തിലില്ല രണ്ടക്ഷരമുള്ള

ഞാനാര്?

- ആമ

7.ഒരമ്മപെറ്റതെല്ലാം കറുത്ത പട്ടാളം?

- കട്ടുറുമ്പ്

8.ആയിരം പച്ച തത്തയ്ക്ക് ഒറ്റ കൊക്ക്?

- വാഴക്കുല

9.മുറ്റത്തു നിൽക്കുന്ന സുന്ദരിപ്പെണ്ണിന് 32 മുറിപ്പല്ല്?

-വാഴ

10.കാട്ടിലൊരു മദാമ കുടചൂടി നിൽക്കുന്നു?

-കൂൺ

ഗോപിക കെ.കെ

---

**കുറുവനും കുറുവത്തിയും**

അയിനിക്കാ പറിക്കാം വാ കുറത്തി
നക്കൊട്ടും വയ്യേ വയ്യേ കുറവാ
നക്കൊരു പുള്ളയുണ്ടേ കുറവാ
അയിനിക്കാ ചെത്താ വാ കുറത്തി
നക്കൊട്ടും വയ്യ വയ്യേ കുറവാ
നീയിങ്ങിരുന്നോടി കുറത്തി
താനങ്ങു ചെത്തിക്കോളം കുറത്തി
അയനിക്കാ തിന്നാം വാ കുറത്തി.



---

**ഞാൻ ആര്**

തേൻ കൊതിയൻ

കറു കറുമ്പൻ

കാട്ടിലാണ് വാസം

മേൽ മുഴുവൻ

കമ്പിളി പോലെ

രോമമുള്ള വമ്പൻ

നാലുകാലിൽ .

---

**ചെറുകഥ**

ഇറച്ചി വരുത്തിയ വിന

ഊണുകഴിക്കാൻ ഇറച്ചിക്കറി നിർബന്ധമുള്ള ഒരാളുടെ കഥയാണിത്. അയാൾ നിത്യേന ഇറച്ചി വാങ്ങിക്കൊണ്ടു വരും .അത് രുചികരമായി പാകം ചെയ്തു കിട്ടണം . അല്ലെങ്കിൽ അയാൾ വീട് കലാപഭൂമിയാക്കും. ഒരിക്കൽ അയാൾ ഇറച്ചി വാങ്ങി കൊടുത്തിട്ട് പുറത്ത് പോയി തിരിച്ചുവന്നപ്പോഴേക്കും ഇറച്ചിക്കറി തയാറായിരിക്കണം. പക്ഷേ ആ ഇറച്ചി അത്രയും ഒരു പട്ടി വന്ന് തിന്നു തീർത്തു. ഇറച്ചിക്കറി ഉണ്ടാക്കാതിരുന്നാൽ ഭർത്താവ് ശരിപ്പെടുത്തും. ഭാര്യക്ക് ഒരു ബുദ്ധി തോന്നി .ആ പട്ടിയെ കൊന്ന് അതിനെ കറി വയ്ക്കുക. ആ സ്ത്രീ അങ്ങനെതന്നെ ചെയ്തു. ഭർത്താവ് വന്നു കൈകഴുകി കഴിക്കാനിരുന്നു. പ്രത്യേകിച്ചൊന്നും സംഭവിക്കാതെ മാതിരി ഭാര്യ ചോറും കറിയും വിളമ്പി കൊടുത്തു. വീട്ടിലെ സംഭവങ്ങൾക്കെല്ലാം സാക്ഷിയായ കൊച്ചുമകന് ഇരിക്കപ്പൊറുതി ഇല്ലായിരുന്നു .അവൻ അച്ഛാ എന്ന് വിളിച്ചുകൊണ്ട് അരികിൽ വന്നുനിന്നു. എന്താണെന്ന് ചോദിച്ചിട്ട് ഒന്നും പറഞ്ഞില്ല. അതേ സമയം എന്തോ പറയാനുണ്ടെന്ന് ആ മുഖം വിളിച്ചുപറയുന്നുണ്ടായിരുന്നു. കാര്യം അറിഞ്ഞേ തീരു എന്ന് അച്ഛൻ വാശിപിടിച്ചപ്പോൾ മകൻ പറഞ്ഞതിങ്ങനെ, പറഞ്ഞാൽ അച്ഛൻ അമ്മയെ കൊല്ലും അല്ലെങ്കിൽ അച്ഛൻ പട്ടിയിറച്ചി തിന്നും. പിന്നത്തെ കഥയൊന്നും പറയേണ്ടല്ലോ. നോക്കണേ ഇറച്ചി വരുത്തിയ വിന.

മേഘ മരിയ ഷിനോജ്

---

## പ്രകൃതി

പുഷ്പങ്ങൾ കോർത്ത
ഒരു മലയാണോ
ഈ പ്രകൃതി
പൂക്കൾ നിറഞ്ഞ
മരമാണോ
ഈ പ്രകൃതി
ശലഭങ്ങൾ കൊണ്ടു
മൂടിയ ഒരു പൂവാണോ

ഈ പ്രകൃതി
ശാലീന സുന്ദരിയായ
പ്രകൃതി നീ
എനിക്കെന്നും
ഒരതിശയം

പ്രിയങ്ക കൃഷ്ണൻ

---

**പൊന്നുപ്പ**

എന്നുടെ ഉപ്പ
പൊന്നുപ്പ
സ്നേഹം നൽകും
എന്നുപ്പ
സ്ളേറ്റും പെൻസിൽ
പുസ്തകവും
വാങ്ങിത്തരുമെൻ
പൊന്നുപ്പ
നല്ലതിനൊക്കെ
കൂടെക്കൂട്ടി
നന്മവിളക്കാണെന്നുപ്പ
നേരിൻ വഴിയിൽ
എന്നെ നയിക്കും
എന്നുടെ മാതൃകയെന്നുപ്പ

ശിൽപ സി എസ്

---

**കുഞ്ഞനും കൂട്ടുകാരിയും**

മിന്നിയുടെ കൂട്ടുകാരനാണ് കുഞ്ഞൻമുയൽ .മിന്നി എവിടെ പോയാലും കുഞ്ഞനും ഒപ്പം കാണും.ഒരു ദിവസം കുഞ്ഞനെ കാണാതായി.അയ്യോ കുഞ്ഞനെവിടെ.മിന്നി എല്ലായിടത്തും തിരഞ്ഞു.പക്ഷേ കുഞ്ഞനെ കണ്ടില്ല. മിന്നി കരയാൻ തുടങ്ങി. അവളുടെ കരച്ചിൽ മരകൊമ്പിലിരിക്കുന്ന കിച്ചുകിളി കേട്ടു. കരയേണ്ട. ഞാൻ കുഞ്ഞനെ കണ്ടുപിടിച്ചു തരാം. കിച്ചു പറഞ്ഞു. മിന്നിക്ക് ആശ്വാസമായി. കിച്ചു പറന്നു പോയി. പലയിടത്തും കുഞ്ഞനെ തിരഞ്ഞു. ഒടുവിൽ തൊട്ടടുത്തുള്ള കുറ്റിക്കാട്ടിൽ അവനെ കണ്ടെത്തി. കുഞ്ഞാ നിന്നെ കാണാതെ മിന്നി വിഷമിച്ചിരിക്കുകയാ, വേഗം വീട്ടിലേക്കു വരൂ. കിച്ചു പറഞ്ഞു രണ്ടു പേ-

രും കൂടി വേഗം മിന്നിയുടെ അടുത്തെത്തി. കാരറ്റ് തേടി പുറത്തിറങ്ങിയ എനിക്ക് വഴിതെറ്റി. കിച്ചുക്കിളിയാ എന്നെ രക്ഷിച്ചത് കുഞ്ഞൻ കിച്ചുവിന് നന്ദി പറഞ്ഞു മിന്നിക്കു സന്തോഷമായി.

രഹൻ രതീഷ്

---

## ചെറുകഥ

## ഇറച്ചി വരുത്തിയ വിന

ഊണുകഴിക്കാൻ ഇറച്ചിക്കറി നിർബന്ധമുള്ള ഒരാളുടെ കഥയാണിത് അയാൾ നിര്യാതന ഇറച്ചി വാങ്ങികൊണ്ട് വരും അത് രുചികരമായി കേരളം ഭാഗം പാകം ചെയ്തു കിട്ടണം അന്യമായിരുന്നു അല്ലെങ്കിൽ അല്ലെങ്കിൽ അയാൾ വീട് കലാപഭൂമിയായി .ഒരിക്കൽ അയാൾ ഇറച്ചി വാങ്ങി കൊടുത്തിട്ട് പുറത്ത് പോയി. തിരിച്ചുവന്നപ്പോഴേക്കും ഇറച്ചിക്കറി തയാറാക്കി കഴിയണം പക്ഷേ ആ ഇറച്ചി യാത്രയും ഒരു പട്ടി വന്ന് തിന്നു തീർത്തു ഇറച്ചിക്കറി ഉണ്ടാകാതിരുന്നാൽ ഭർത്താവ് ശരിപ്പെടുത്തും. ഭാര്യക്ക് ഒരു ബുദ്ധി തോന്നി പട്ടിയെ കൊന്ന് അതിൻറെ കറി വയ്ക്കുക ആ സ്ത്രീ അങ്ങനെ തന്നെ ചെയ്തു. ഭർത്താവ് വന്നു കൈകഴുകി അതിനെ ഞാനിരുന്നു കഴിക്കാനിരുന്നു പുലി പ്രത്യേകിച്ചൊന്നും സംഭവിക്കാതെ പാതിരി ഭാര്യ ചോറും കറിയും കമ്പി കൊടുത്തു .വീട്ടിലെ സംഭവങ്ങൾക്കെല്ലാം സാക്ഷിയായ് കൊച്ചുമകനെ പ ഇരിക്കപ്പൊറുതി ഇല്ലായിരുന്നു അവൻ അച്ഛാ ഒന്നു വിളിച്ചുകൊണ്ട് അരികിൽ വന്ന എന്താണ് ചോദിച്ചിട്ട് പറഞ്ഞില്ല അതെ സമയം എന്തോ പറയാനുണ്ടെന്ന് ആമുഖം ഭയമുണ്ടായിരുന്നു വിളിച്ചുപറയുന്നത് പറയുന്നുണ്ട് . കാര്യം അറിഞ്ഞ് തിരു എന്ന എന്ന വാശിപിടിച്ചപ്പോൾ മകൻ പറഞ്ഞതിങ്ങനെ പറഞ്ഞാൽ അച്ഛൻ അമ്മയെ കൊല്ലും അല്ലെങ്കിൽ അച്ഛൻ പട്ടിയിറച്ചി തിന്നു പിന്നത്തെ കഥയൊന്നു പറയേണ്ടല്ലോ നോക്കണേ നോക്കണം ഇറച്ചി വരുത്തിയ അന്നദാനം

മേഘ മരിയ ഷിനോജ്

---

## ജലസംഭരണികൾ ജീവിത ധാരകൾ

നദികളും പുഴകളും തോടുകളും വയലുകളും നമ്മുടെ ജീവിതത്തിന്റെ ഭാഗമായിരുന്നു അവ ഇന്ന് ഏറെക്കുറെ അപ്രത്യക്ഷമായി കുളങ്ങളിലെ കുളിയും അലക്കും ഇന്ന് സിനിമകളിൽ പോലും ഇല്ലാതെയായി .മഴ കുറഞ്ഞു മഴവെള്ള സംഭരണികൾ ആയ വയലും തോടും കനാലുകളും നദിയും വറ്റി. ഭാരതപ്പുഴയും പെരിയാറും വേനലിൽ വരണ്ടുപോകുന്നു വെള്ളമില്ലാതെ ജീവിക്കാൻ സാധിക്കിമോ.

അൽഫി മരിയ ലിൻസൺ

---

## മുത്തശ്ശി കഥ

കുട്ടനാടിനെ ഗ്രാമഭംഗിയിൽ തിളങ്ങിനിൽക്കുന്ന ഒരു കൊച്ചു ഗ്രാമം . പേര് തെക്കേ കവല. ഈ കൊച്ചുപ്രദേശത്ത് ഒരു പഴയ തറവാട് ഉണ്ട്. ഓടിട്ട വീടുകളും ഓല മേഞ്ഞ വീടുകളും കളഞ്ഞ് ഫ്ലാറ്റുകൾ വെക്കുന്ന കാലത്താണ് ഈ തറവാട് നിലനിൽക്കുന്നത്. ഈ തറവാടിന് കാവലായി ഒരു വിവിധ 70 കാരിഉണ്ട് പേര് മുതുമുത്തശ്ശി. മുത്തശ്ശിക്ക് മൂന്ന് മക്കളാണ് പക്ഷേ അവരെല്ലാം വിദേശത്താണ് മുത്തശ്ശിയുടെ കൂടെ ആരുമില്ല. അതുകൊണ്ടുതന്നെ മുത്തശ്ശിക്ക് കുട്ടികളെ വളരെ ഇഷ്ടമാണ്. വഴിയേ പോകുന്ന കുട്ടികളെ വിളിച്ച് തൻറെ പറമ്പിൽ കായ്ക്കുന്ന ഫലം നൽകും ഈ കൊച്ചു മുത്തശ്ശി . മക്കളെ ഏറെ സ്നേഹിക്കുന്ന ഈ മുത്തശ്ശി തൻറെ മക്കളുടെ സ്നേഹത്തിനായി കൊതിക്കുന്നു. സ്വന്തമായ ആരും ഇല്ലെങ്കിലും തണലും തുണയുമായി ഒരു കൂട്ടുണ്ട് തമിഴ്നാട്ടുകാരി കനകം. വർഷങ്ങൾക്കുമുമ്പ് ആൽമരച്ചുവട്ടിൽ നിന്നു കിട്ടിയതാണ് കനകത്തെ. അവളെ ഏറ്റെടുത്ത് വളർത്തിയതിന് പകരമായി അവളിന്ന് ആ മുത്തശ്ശിയെ സംരക്ഷിക്കുന്നു.

വിഷ്ണു സുരേഷ്

---

## മുറ്റത്തൊരു തൈമാവ്

മുറ്റത്തുണ്ടൊരു തൈമാവ്
നിറയെ കായ്ക്കണ തൈമാവ്
തുടുതുടെ മാങ്ങാ പഴം ഉണ്ട്
കാണാനെന്തൊരു ചേലാണ്
മാവിനു താഴെ കൊതിയോടെ
കുട്ടിക്കൂട്ടം നിൽപ്പുണ്ട്
മാവിൽ ചാടി നടപ്പാണ്
ചിൽ ചിൽ പാടണ ചങ്ങാതി
മാങ്ങ പഴമതു തിന്നിട്ട്
കണ്ണുരുട്ടിച്ച് നോക്കുന്നു
അണ്ണാരക്കണ്ണാ മാങ്ങ പറിച്ചു
താഴേക്ക് ഒന്നു എറിഞ്ഞോളു
തിന്നു കഴിഞ്ഞു പറഞ്ഞിടാം
തേന്നൂറും കഥ ചങ്ങാതി
കണ്ണുകൾ മാവിൻ കൊമ്പിൽ ഉടക്കി
കുട്ടികൾ വട്ടം ചുറ്റുന്നു
വീശിയടിച്ച ഒരു പൂങ്കാറ്റ്
കമ്പ് പിടിച്ച് കുലുക്കുന്
മുറ്റം നിറയെ വീണല്ലൊ

മധുരം കടിയും മാലകൾ എല്ലാം.

അനിത സി ഇ

---

**ഹരിത വിദ്യാലയതിന്റെ മാധുരിക്കുന്ന ഓർമ്മകൾ**

ഒട്ടേറെ മധുരിക്കുന്ന ഓർമ്മകൾ എനിക്കു നൽകിയ ഹരിത വിദ്യാലയം റിയാലിറ്റി ഷോയും പങ്കെടുക്കുക എന്നത് എനിക് അപ്രതീക്ഷിതമായി കൈവന്ന സൗഭാഗ്യമായിരുന്നു. തികച്ചും വേറിട്ട ഒരു അനുഭവമായിരുന്നു ഇത്. എൻറെ ഓരോ ചുവടും എനിക്ക് ഒട്ടേറെ അറിവുകൾ പകർന്നുതന്നു. എൻറെ കണ്ണുകൾ പുതിയ പുതിയ കാഴ്ചകൾ ഒപ്പിയെടുത്തു. ട്രെയിനിലായിരുന്നു യാത്ര. അന്നാണ് ഞാനാദ്യമായി ട്രെയിനിൽ കയറിയത്. ട്രെയിനിന്റെ അകത്തുള്ള കാഴ്ചകളും ട്രെയിനിന്റ അകത്തുനിന്ന് പുറത്തേക്കുള്ള കാഴ്ചകളും എൻറെ നേത്രങ്ങൾക്ക് പുതിയൊരു ദൃശ്യാനുഭൂതി പകർന്നു. ഒപ്പം ഞങ്ങൾ പരസ്പരമുള്ള സംഭാഷണങ്ങളും തമാശകളും യാത്രയ്ക്ക് കൂടുതൽ മാധുര്യം പകർന്നു. ഹരിത വിദ്യാലയം ഷൂട്ടുചെയ്യുന്ന സ്റ്റുഡിയോവിൽ എത്തിയപ്പോൾ എൻറെ ഹൃദയമിടിപ്പ് പെട്ടെന്ന് ഉയർന്നു. പേടിയും, ടെൻഷനും, ആകാംക്ഷയും എല്ലാം ഒരുമിച്ചു വന്ന അനുഭവമായിരുന്നു അത്. ചുറ്റും എല്ലാകാര്യങ്ങളും ഒപ്പിയെടുത്തു കൊണ്ടിരിക്കുന്ന ക്യാമറ കണ്ണുകളുടെ നടുവിലായിരുന്നു ഹരിത വിദ്യാലയത്തിന് വേദി ഞങ്ങളുടെ പരിപാടിക്ക് മുൻപ് മറ്റൊരു സ്കൂളിൻറെ പരിപാടി കൂടി കാണുവാനുള്ള അവസരം ഞങ്ങൾക്കു ലഭിച്ചു. ഞാൻ ഒട്ടും പ്രതീക്ഷിക്കാത്ത ചോദ്യങ്ങളാണ് ഞങ്ങളോട് ചോദിച്ചത്. വയനാട്ടിലെ ഇടയ്ക്കൽ ഗുഹ പറ്റിയും, വയനാടിനെ കുറിച്ചുള്ള പുസ്തകത്തെ പറ്റിയും അവയുടെ കർത്താക്കളെ പറ്റിയും എല്ലാം അവർ ഞങ്ങളോട് ചോദിച്ചു. മനുവിനെ പാട്ട് ഹരിതവിദ്യാലയം വേദിയെ കൂടുതൽ മനോഹരം ആക്കുകയും ചെയ്തു. എന്നെ ആശ്ചര്യപ്പെടുത്തി യ മറ്റൊരു കാര്യം ഞങ്ങളുടെ സ്കൂളിൻറെ മേന്മയെ പറ്റി അവിടെ ഉണ്ടായിരുന്ന ജഡ്ജ് ഞങ്ങളോട് പറഞ്ഞു. അത് തികച്ചും അഭിമാനം പകർന്ന നിമിഷമായിരുന്നു. തികച്ചും വ്യത്യസ്തമായ ഒരു അനുഭവമായിരുന്നു ഇത്. മാധുര്യത്തിനു ഈ ഓർമ്മകൾ ഇന്നും എൻറെ മനസ്സിൽ പതിഞ്ഞുകിടക്കുന്നു.

അജയ് ജോസഫ്

---

**പഴംചൊല്ലുകൾ**

സമ്പത്ത് കാലത്ത് തൈ 10 വെച്ചാൽ ആപത്തുകാലത്ത് കാ 10 തിന്നാം.

കാണം വിറ്റും ഓണം ഉണ്ണണം.

വേണമെങ്കിൽ ചക്ക വേരിലും കായ്ക്കും.

പയ്യെത്തിന്നാൽ പനയും തിന്നാം.

മുറ്റത്തെ മുല്ലക്ക് മണമില്ല.

വേലിതന്നെ വിളവുതിന്നുക.

വിദ്യാധനം സർവ്വധനാൽ പ്രധാനം.

നായയുടെ വാല് പന്തീരാണ്ടു കൊല്ലം കുഴലിലിട്ടാലും നിവരില്ല.

പൊട്ടനെ ചട്ടൻ ചതിച്ചാൽ ചട്ടനെ ദൈവം ചതിക്കും.

ആലും കാ പഴുത്തപ്പോൾ കാക്കയ്ക്ക് വായ്പുണ്ണ്.

വിഷ്ണു കെ ദാസ്

---

**അമ്മ**

നമ്മുടെ ഗൃഹത്തിലെ കാണാൻ പറ്റുന്ന ദൈവമാണ് അമ്മ. ഒരു കുഞ്ഞിനെ നൊന്തു പ്രസവിച്ച് ആ കുഞ്ഞിനെ സ്നേഹ വാത്സല്യത്തോടെ അമ്മ വളർത്തുന്നു. അമ്മയെന്നാൽ ദൈവത്തിനു തുല്യമാണ്. മറ്റുള്ളവർക്കുവേണ്ടി ജീവൻ ബലികഴിച്ച

സ്നേഹദീപം ആണ് അമ്മ.. 56 അക്ഷരമല്ല അമ്മയെന്ന 2 അക്ഷരമാണ് യഥാർത്ഥത്തിൽ മലയാളം. സ്വന്തം വിശപ്പടക്കി മക്കൾക്കുവേണ്ടി പട്ടിണികിടന്ന് വയറു മുറുക്കികെട്ടി മക്കളുടെ വിശപ്പ് അകറ്റുന്ന ഒരു വ്യക്തിത്വമാണ് അമ്മ. ഏവർക്കും വേണ്ടി സ്വയം ഉരുകിത്തീരുന്ന ഒരു രൂപമാണ് അമ്മ. പ്രപഞ്ചത്തിലെ മാതാവാണ് അമ്മ. തീനാളമായി കത്തിജ്വലിക്കുന്ന ഒരു വിളക്കാണ് അമ്മ. മാതൃ സ്നേഹത്തിനെ കാൾ വലുതായിട്ട് ലോകത്തിൽ മറ്റൊന്നുമില്ല. അമ്മയിൽ ഉപരിയായി ലോകത്തിൽ മറ്റാരുമില്ല.

റോസ് രാജീവ്

---

**കടംകഥ**

മുറ്റത്തെ ചെപ്പി ന് നടപ്പില്ല - കിണർ

ഞെട്ടില്ല വട്ടയില - പപ്പടം

കൊക്കിരിക്കും കുളം വറ്റി വറ്റി - വിളക്ക്

അമ്പാട്ടെ പട്ടിക്ക് മുൻപോട്ട് വാല് - ചിരവ

ആകാശത്ത് എത്തുന്ന തോട്ടി - കണ്ണ്

ആയിരം കിളികൾക്ക് ഒറ്റ കൊക്ക് - വാഴക്കുല

ഓട്ടം കുതിര ചാട്ടം കുതിര വെള്ളം കണ്ടാൽ നിൽക്കും കുതിര - ചെരുപ്പ്

അമ്മയെ തൊട്ട് മകൻ വെന്തുമരിച്ചു - തീപ്പെട്ടി

ഒരമ്മ പെറ്റതെല്ലാം തൊപ്പി കുട്ടന്മാർ - അടയ്ക്ക

കണ്ടാൽ സുന്ദരി തൊട്ടാൽ ഭയങ്കരി - തീ

ആനന്ദ് ശിവപ്രസാദ്

---

**കുറുക്കന്റെ അഹങ്കാരം**

ഒരു കാട്ടിൽ ഒരു സിംഹം ജീവിച്ചിരുന്നു. ആ സിംഹം സത്യസന്ധനും ദയാലുവും ആയിരുന്നു. വിശക്കുമ്പോൾ മാത്രം ഏതെങ്കിലും ചെറിയ മൃഗത്തെ വേട്ടയാടും ബാക്കി വന്നാൽ സൂക്ഷിച്ചുവയ്ക്കും .ഇതെല്ലാം ഒരു കുറുക്കൻ കാണുന്നുണ്ടായിരുന്നു. കുറുക്കൻ മനസ്സിൽ ഓർത്തു സിംഹത്തിൻറെ മന്ത്രിയായാൽ ഇഷ്ടം പോലെ ഭക്ഷണം കിട്ടുമല്ലോ എന്ന്. കുറുക്കൻ ആഗ്രഹിച്ചതുപോലെ സംഭവിച്ചു. വിശക്കുമ്പോൾ കുറുക്കൻ മൃഗങ്ങളെ കാണിച്ചുകൊടുക്കും സിംഹം

വേട്ടയാട്ടം. അങ്ങനെ ഒരു പണിയും ചെയ്യാതെ കുറുക്കൻ തടിച്ചുകൊഴുത്തു. അവന് അഹങ്കാരം തോന്നി. ഇനി സിംഹം മൃഗങ്ങളെ കാണിച്ചു തരട്ടെ ഞാൻ വേട്ടയാടികൊള്ളാം എന്നായി അവൻറെ ഭാവം. അങ്ങനെ വേട്ടയാടാനായി ഒരു ആനയെ കാണിച്ചുകൊടുത്തു. കുറുക്കൻ സിംഹത്തെപ്പോലെ ആനയുടെ മർമ്മം നോക്കിപ്പോയി. കുറുക്കനെ കണ്ട ആന തുമ്പിക്കൈ നീട്ടി കുറുക്കനെ നിലത്തടിച്ചു ഒരു ചവിട്ടും കൊടുത്തു. അതോടെ കുറുക്കൻ റെ കഥ കഴിഞ്ഞു. അപ്പോൾ സിംഹം പറഞ്ഞു അഹങ്കാരി കൾക്ക് ഇതുതന്നെ ഫലം.

നെഹൽ വീനു

---

**എലി**

ഒളിച്ചിരിക്കും പകലൊക്കെ

മടക്ക് ഉള്ളിൽ കുഞ്ഞൻ എലി

രാത്രിനേരം നാട്ടിലൊക്കെ

ഓട്ടം, ചാട്ടം, ചുണ്ടനെലി

കാർന്നുതിന്നും കായ്കനികൾ

കടിച്ചുകീറും വസ്തുങ്ങൾ

വീട്ടിനകത്ത് ശല്യം തീർക്കും

തട്ടിമുട്ടി കൊച്ചൻ എലി

വടിയുമായി വരുന്നേരം

ഓടിയൊളിക്കും കുഞ്ഞൻ എലി

നന്ദന ബാബു

---

**കരടിക്കുഞ്ഞ്**

പുല്ലിൽ ഉരുണ്ടുകളിക്കുന്നു കരടി കുഞ്ഞ് പാറയിൽ ഒരു പെൺസിംഹം

വലിയ സിംഹം കരടി കുഞ്ഞ് ഓടി സിംഹം പിറകെ ഓടി കരടി കുഞ്ഞ് പുഴക്കരയിൽ എത്തി

അതാ ഒരു മരം കരടി കുഞ്ഞ് മരത്തിൽ കയറി സിംഹം പിറകെ കയറി കരടി

കുഞ്ഞ് വെള്ളത്തിൽ വീണു കരടി കുഞ്ഞ് നിലവിളിച്ചു അമ്മ കരടി വന്നു

സിംഹം പേടിച്ചോടി അമ്മ കരടി രക്ഷിച്ചു.

ദിലീപ് സുന്ദരൻ

---

**പഴഞ്ചൊല്ലുകൾ**

1. എല്ലുമുറിയെ പണിയെടുത്താൽ പല്ലുമുറിയെ തിന്നാം.

2. മത്തൻ കുത്തിയാൽ കുമ്പളം മുളക്കില്ല.

3. കാക്ക കുളിച്ചാൽ കൊക്ക് ആവില്ല.

4. മിന്നുന്നതെല്ലാം പൊന്നല്ല.

5. കാക്കയ്ക്ക് തന് കുഞ്ഞ് പൊൻകുഞ്ഞ്.

6. വടികൊടുത്ത് അടി വാങ്ങുക.

7. ആനവായിൽ അമ്പഴങ്ങ.

8 .രണ്ട് കൈ കൂട്ടി തല്ലിയാലെ ശബ്ദം കേൾക്കൂ.

9. മുഖം മനസ്സിന്റെ കണ്ണാടിയാണ്.

10. നിങ്ങൾ നന്നെങ്കിൽ ലോകം നന്ന്.

ഡെനിൻ കുര്യൻ

---

**മകരകൊയ്ത്ത്**

മകരമാസ കൊയ്ത്തിന് പോണ

മഞ്ഞ അണിഞ്ഞ വയലുകളിൽ

മഞ്ഞ പുതച്ച നെൽക്കതിരുകൾ

കാൺകെ കർഷക മനസ്സിൽ

കൊട്ടി തുടിതാളം

അരിവാളേന്തി എത്തുന്നു

കന്നിക്കൊയ്ത്തിൻ നേരത്ത്

പെണ്ണുങ്ങൾ

കൊയ്ത്ത് തുടങ്ങി നിറ പൊലി

ചൂടിനിൽക്കുന്ന മഞ്ഞ

നെന്മണികൾ

വൈക്കോൽ കൂന കൂട്ടിയവർ

നെൽക്കതിരുകളിൽ താളം വെച്ചു

കാളവണ്ടികൾ നിരന്നു, പാതയോര-

ങ്ങളിൽ വരിവരിയായി

നെല്ല് പുഴക്കിൻ നേരത്തെത്തി

നാട്ടാരെല്ലാം

വേവ് നോക്കി പാകമായി

നിരത്തി നെല്ലുകൾ പായകളിൽ

പത്തായങ്ങളിൽ എത്തിയ

നെൽമണികൾ കുളിർതെന്നൽ

വീശി കർഷകൻ തൻ

ഉന്മാത ഹൃദയങ്ങൾ.

ആർഷ കെ തോമസ്

---

**ദേശഭക്തിഗാനം**

സ്വാതന്ത്ര്യ ഭാരത ശില്പികൾ നാം
ആർഷഭാരത മക്കൾ നാം
ശാന്തി മന്ത്രം ഭുവിനേകിയ
ഗാന്ധിതൻ ദേശ വാസികൾ നാം
ഗാന്ധിതൻ ദേശ വാസികൾ നാം.

ആർഷഭാരത സംസ്കാരങ്ങൾ
പോറ്റിവളർത്തിയ നാടല്ലേ
ഹിന്ദു മുസ്ലീം ക്രിസ്തു മതങ്ങൾ
ഒരുമയിൽ വാഴും നാടല്ലോ
ഒരുമയിൽ വാഴും നാടല്ലോ.

- ഭാരതമെന്നു കേട്ടാലഭിമാനപൂരിതമാകണമന്തരംഗം.

സിസ്റ്റർ ലിൻസി

---

**വള്ളംകളി**

കാണികൾക്കും തുഴക്കാർക്കും ഒരുപോലെ ആവേശം പകരുന്ന വിനോദമാണ് വള്ളംകളി. മൂലം നാളിലെ ചമ്പക്കുളം വള്ളംകളി തിരുവോണം, അവിട്ടം, ചതയം നാളുകളിലെ പായിപ്പാട്ട് വള്ളംകളി തുടങ്ങിയ അതിപ്രശസ്ത മായാജല കേളികളൊക്കെ ഓണാഘോഷങ്ങളുടെ ഭാഗമായി സജീവമായി നലനിൽക്കുന്ന വിനോദങ്ങളാണ്.

സുമേഷ് സുരേന്ദ്രൻ

---

**കേരളത്തിന്റെ സിന്ദൂരക്കുറി**

ദൈവത്തിന്റെ സ്വന്തം നാടായ കേരളത്തിലെ ഒരു ജില്ലയാണ് വയനാട്. വയനാട് എന്നതുകൊണ്ട് അർത്ഥമാക്കുന്നത് വയലേലകളുടെ നാട് എന്നാണ്. വയനാട്ടിലേക്ക്പ്രവേശിക്കുന്നത്, മനോഹരമായ വയനാട് ചുരത്തിലൂടെ ആണ്. ലോകപ്രശസ്തമായ ബാണാസുര ഡാം സ്ഥിതിചെയ്യുന്നത് ഈ ജില്ലയിലാണ്. വയനാട്ടിലെ പൂക്കോട് പാർക്ക് ആസ്വദിക്കാൻ ധാരാളം ബാലികാബാലന്മാർ എത്തുന്നു. എല്ലാവർഷവും അമ്പലവയൽ പൂപ്പൊലി കാണാൻ വിദേശികളും മലയാളികളും എത്തുന്നു. ഇന്ത്യയിലെ മണ്ണുകൊണ്ട് നിർമിച്ച ഏറ്റവുംവലിയ അണക്കെട്ടായ ബാണാസുരസാഗർ ഡാം സ്ഥിതി ചെയ്യുന്നത് വയനാട്ടിലാണ്. ലോകപ്രശസ്തനായ പഴശ്ശിരാജ ജനിച്ചതും ബ്രിട്ടീഷുകാരോട് യുദ്ധം ചെയ്തു മരണമടഞ്ഞതും ഇവിടെയാണ്. അതിന്റെ പ്രതീകമായി വയനാട്ടിലെ മാവിലാം തോട്ടിൽ

---

സ്ഥിതിചെയ്യുന്നു. പുരാതനകാലത്തെ കൊത്തുപണികൾ രേഖപ്പെടുത്തിയിട്ടുള്ള ഗുഹയാണ് ഇടയ്ക്കൽ. അതും ഈ ജില്ലയിൽ സ്ഥിതിചെയ്യുന്നു. എന്തുകൊണ്ടും കേരളത്തിന്റെ സിന്ദൂരക്കുറിയാണ് വയനാട്.

---

## വായന മരിക്കുന്നു

നാം ഇന്ന് ജീവിക്കുന്നത് കമ്പ്യൂട്ടർ യുഗത്തിലാണ്. ഈ പുത്തൻ സാങ്കേതികവിദ്യ വിസ്മയിപ്പിക്കുന്ന വിജ്ഞാനത്തിന്റെ ലോകമാണ് നമുക്ക് മുൻപിൽ തുറന്നിടുന്നത്. പ്രപഞ്ചത്തിന്റെ ഉറവിടം മുതൽ അതിന്റെ പര്യവസാനം വരെ ഒരു സ്ക്രീനിനുള്ളിൽ പ്രദർശിപ്പിക്കാൻ കമ്പ്യൂട്ടറുകൾക്ക് കഴിയുന്നുണ്ടുതാനും. ഈ നൂതന സംസ്കാരങ്ങൾ ഏറിവരുന്നതോടൊപ്പം മനുഷ്യൻ മറക്കുന്ന വായന എന്ന വലിയ വിജ്ഞാനം തിരിച്ചെത്തിക്കേണ്ടത് വിദ്യാർഥികളായ നമ്മുടെ കടമയാണ്.വായന ബുദ്ധിയെ മാത്രമല്ല ഹൃദയത്തെയും തൊട്ടുണർത്തുന്ന

ജീവക്കുന്ന ഘടകമാണ്.ആഴങ്ങളും ഉയരങ്ങളും അതിർവരമ്പുകളും നമ്മുടെ മുൻപിൽ എത്തിക്കുന്നത് ശ്രേഷ്ഠമായ വായനയാണ്.അതുകൊണ്ട് നാം വായനയെ സ്നേഹിക്കണം.

നൂറുക്കണക്കിന് പുസ്തകങ്ങൾ കമ്പോളത്തിൽ എത്തുമ്പോൾ അതിൽ ഏത് തിരഞ്ഞെടുക്കണമെന്ന ചോദ്യം പ്രസക്തമാണ്. നല്ലതും ഉചിതവുമായ പുസ്തകങ്ങൾ തിരഞ്ഞെടുക്കാൻ ശ്രദ്ധിക്കാം. വായന മനുഷ്യ നെ മഹത്വമുള്ളതാക്കുന്നു എന്ന വസ്തുത അംഗീകരിച്ച് വായനയെ സ്നേഹിച്ച് വായനയാകും വിജ്ഞാനം ഉൾക്കൊണ്ട് നമുക്കു വളരാം.

**വായിച്ചാൽ വളരും**
**വായിച്ചില്ലെങ്കിൽ**
**വളയും**

---